# കടൽഭക്ഷണ ഗുണനിലവാരമറിയാൻ പുസ്തകം

**കളമശേരി**

കടൽഭക്ഷണ ഗുണനിലവാരത്തിന്റെ വിവിധ വശങ്ങൾ വിശദമാക്കുന്ന 'ഫിഷ് ആൻഡ് ഫിഷറി പ്രോഡക്ട്സ് അനാലിസിസ് എ തിയററ്റിക്കൽ ആൻഡ് പ്രാക്ടിക്കൽ പേഴ്സ്പെക്ടീവ് ഗ്രന്ഥം പുറത്തിറങ്ങി.

മത്സ്യത്തിന്റെ പോഷകഗുണം, പോഷകങ്ങൾ വേർതിരിക്കുന്നതുസംബന്ധിച്ച ഉടമ്പടികൾ, വാണിജ്യ പ്രാധാന്യമുള്ള മത്സ്യോൽപ്പന്നങ്ങളുടെ സംസ്കരണരീതി തുടങ്ങി മത്സ്യവ്യവസായത്തിലെ വിവിധ മേഖലകളെക്കുറിച്ച് ആഴത്തിൽ പ്രതിപാദിക്കുന്ന ഏഴ് അധ്യായങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗ്രന്ഥം. കുസാറ്റ് ഇൻഡസ്ട്രിയൽ ഫിഷറീസ് വകുപ്പ് മുൻ അധ്യാപിക ഡോ. സെലീന മാത്യു, കുഫോസ് അസോ. പ്രൊഫസർ ഡോ. മായ രാമൻ, ഡോ. കെ പി മഞ്ജുഷ, ഡോ. പി ആർ ധന്യ എന്നിവർ ചേർന്നെഴുതിയ ഗ്രന്ഥം സ്പ്രിംഗർ ആണ് പ്രസിദ്ധീകരിച്ചത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലറുടെ ചേംബറിൽ നടന്ന ചടങ്ങിൽ വിസി ഡോ. കെ എൻ മധുസൂദനൻ, പ്രോ വിസി ഡോ. പി ജി ശങ്കരന് കോപ്പി നൽകി പുസ്തകം പ്രകാശനം ചെയ്തു. രജിസ്ട്രാർ ഡോ. വി മീര, ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ ഡോ. എം ഹരികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

ദേശാഭിമാനി 03/07/2020 പേജ്-03

## മത്സ്യ, ഉത്പന്ന വിശകലനം: കുസാറ്റിൽ ഗവേഷണ ഗ്രന്ഥം പ്രകാശനം ചെയ്തു

**കളമശ്ശേരി ▸** കടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം വിശദീകരിക്കുന്ന 'ഫിഷ് ആൻഡ് ഫിഷറി പ്രോഡക്ട്സ് അനാലിസിസ് - എ തിയററ്റിക്കൽ ആൻഡ് പ്രാക്ടിക്കൽ പേഴ്സ്പെക്ടീവ്' എന്ന ഗ്രന്ഥം കുസാറ്റിൽ പ്രകാശനം ചെയ്തു. വൈസ് ചാൻസലർ ഡോ. കെ .എൻ. മധുസൂദനൻ, പ്രോ വി.സി. ഡോ. പി.ജി. ശങ്കരന് കോപ്പി കൈമാറി. മുൻ പ്രൊഫസർ ഡോ. സലീന മാത്യു, കുഫോസ് അസോ. പ്രൊഫസർ ഡോ. മായ രാമൻ, ഡോ. കെ.പി. മഞ്ജുഷ, ഡോ. പി.ആർ. ധന്യ എന്നിവർ ചേർന്നാണ് രചിച്ചത്.

മാതൃഭൂമി 02/07/2020 പേജ്-12

## പ്രകാശനം ചെയ്തു

**കളമശേരി ●** 'ഫിഷ് ആൻഡ് ഫിഷറി പ്രോഡക്ട്സ് അനാലിസിസ് -എ തിയററ്റിക്കൽ ആൻഡ് പ്രാക്ടിക്കൽ പഴ്സ്പെക്ടീവ് ' എന്നഗ്രന്ഥംകൊച്ചിശാസ്ത്രസാങ്കേതിക സർവകലാശാലയിൽ വൈസ്ചാൻസലർ ഡോ.കെ. എൻ.മധുസൂദനൻ പ്രോവൈസ്ചാൻസലർ ഡോ.പി.ജി. ശങ്കരന് നൽകി പ്രകാശനം ചെയ്തു. റജിസ്ട്രാർ ഡോ.വി.മീര, ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ ഡോ.എം.ഹരികൃഷ്ണൻ, ഡോ .സലീന മാത്യു, ഡോ.മായാരാമൻ , ഡോ.ധന്യ വി.പിള്ള എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 03/07/2020 പേജ്-02